വേമ്പനാട്ട് കായൽ സംരക്ഷണം

95 [552] ശ്രീ. വി. ഡി. സതീശൻ:
പ്രൊഫ. കെ. വി. തോമസ്:
ശ്രീ. ടി. എൻ.. പ്രതാപൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐക്യരാഷ്ട്ര സഭയുടെ പരിസ്ഥിതി സംരക്ഷണ പരിപാടിക്കുവേണ്ടി നടത്തിയ പഠനത്തിൽ പമ്പ-അച്ചൻകോവിൽ ആറുകളിലെ വെള്ളം ഒഴുകിയെത്താത്ത പക്ഷം വേമ്പനാട്ടുകായൽ നശിക്കുമെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(ബി) വേമ്പനാട്ടുകായൽ സംരക്ഷണത്തിന് എല്ലാ നടപടികളും എടുക്കുമെന്ന് തണ്ണീർ തടങ്ങളുടെ സംരക്ഷണത്തിനായുള്ള റാംസർ ഇന്റർനാഷണൽ കൺവെൻഷനിൽ കേന്ദ്ര ഗവൺമെന്റ് ഉറപ്പ് നൽകിയിട്ടുണ്ടോ; പമ്പ-അച്ചൻകോവിൽ ലിങ്ക് പദ്ധതി ഈ ഉറപ്പിന് വിപരീതമാണോ; ആണെങ്കിൽ ഇക്കാര്യം കേന്ദ്രത്തിന്റെ ശ്രദ്ധയിൽ കൊണ്ടു വന്നിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) റാംസർ ഇന്റർനാഷണൽ കൺവെൻഷനിൽ വേമ്പനാട്ടുകായൽ സംരക്ഷണത്തിന് വേണ്ട നടപടികൾ എടുക്കുന്നതിനെക്കുറിച്ച് കേന്ദ്ര ഗവൺമെന്റ് ഉറപ്പ് നൽകിയതിനെ സംബന്ധിച്ച് അറിയിപ്പുകൾ ലഭിച്ചിട്ടില്ല.

പമ്പ-അച്ചൻകോവിൽ നദികളിലെ ജലലഭ്യതയെക്കുറിച്ചുള്ള പഠനം

96 [553] ശ്രീ. പി. ജെ. ജോയി:
,, പി. ടി. തോമസ്:
,, ജി. കാർത്തികേയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡെവലപ്മെന്റ് ആന്റ് മാനേജ്മെന്റ് എന്ന കേന്ദ്ര ഗവൺമെന്റ് സ്ഥാപനം പമ്പ-അച്ചൻകോവിൽ നദികളിലെ ജലലഭ്യതയെപ്പറ്റി പഠിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ്; പ്രസ്തുത പഠനമനുസരിച്ച് പമ്പ-അച്ചൻകോവിൽ നദികളിൽ അധിക ജലമുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(ബി) ഈ പഠനത്തിലെ കണ്ടെത്തലെന്താണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. 1999-ലാണ് കേരള ഗവൺമെന്റിന്റെ കീഴിലുള്ള സ്വയംഭരണ സ്ഥാപനമായ സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡെവലപ്മെന്റ് ആന്റ് മാനേജ്മെന്റ് പമ്പ-അച്ചൻകോവിൽ നദികളിലെ ജലലഭ്യതയെപ്പറ്റി പഠിച്ച് റിപ്പോർട്ട് തയ്യാറാക്കിയത്. പ്രസ്തുത പഠനമനുസരിച്ച് പമ്പ-അച്ചൻകോവിൽ നദികളിൽ അധിക ജലമില്ല എന്നാണ് കണ്ടെത്തിയത്.

LIBRARY ARCHIVES Kerala Legislative Assembly